പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.751 | 30.06.2015- ൽ മറുപടി നല്കേണ്ടത്. |
|---|---|

## കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രവികസനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ. പ്രദീപ് കുമാർ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിന്റെ പശ്ചാത്തല വികസനത്തിനും അറ്റകുറ്റപ്പണികൾക്കുമായി 2013-14 ലെ ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കിവെച്ചിരുന്നതെന്നും ഇതിന് എത്ര തുക ചെലവായെന്നും അറിയിക്കുമോ; | എ) | മാനസികാരോഗ്യ കേന്ദ്രത്തിന്റെ പശ്ചാത്തല വികസനത്തിനും അറ്റകുറ്റപ്പണികൾക്കുമായി 2013--2014 ലെ ബഡ്ജറ്റിൽ മുപ്പത്തിയാറു ലക്ഷം രൂപ അനുവദിക്കുകയും ഇതിൽ 15,56,227(പതിനഞ്ച് ലക്ഷത്തി അമ്പത്തിയാറായിരത്തി ഇരുനൂറ്റി ഇരുപത്തിയേഴ് രൂപ) ചെലവഴിക്കുകയും ചെയ്തു. 2013-2014 ൽ ഫോറൻസിക് വാർഡ് നിർമ്മാണത്തിനായി നൂറ്റിഇരുപത്താറു ലക്ഷം രൂപ പി.ഡബ്ല്യു. ഡി ക്യാപ്പിറ്റൽ ഹെഡിൽ മേജർ കൺസ്ട്രക്ഷൻ വർക്ക്സ് അണ്ടർ ഡി.എച്ച്.എസ്ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ച് വരികയാണ്. |
| ബി) | ഇത്തവണത്തെ ബഡ്ജറ്റിൽ പ്രസ്തുത പ്രവർത്തികൾക്കായി എത്ര തുകയാണ് വകകൊള്ളിച്ചിരിക്കുന്നത്? | ബി) | ഇത്തവണത്തെ ബഡ്ജറ്റിൽ ഒരു കോടി അമ്പത് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.